(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് G.O.(Rt.) No. 342/98/IRD dated, 24-3-1998 പ്രകാരം 78,15,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.† ഈ പദ്ധതിക്ക് നബാർഡിന്റെ RIDF X-ൽ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയ ശേഷം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയ്ക്ക് വിധേയമായി പണി ആരംഭിക്കുന്നതാണ്.

(ഇ) മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലെ 10 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ 8 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ശ്രീ. എ. സി. ജോസ് എം. പി.-യുടെ ഫണ്ടുപയോഗിച്ച് താന്ന്യം പഞ്ചായത്തിലെ കീഴ്പുള്ളിക്കര കിഴക്കേമന ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണി പൂർത്തിയായി.

(എഫ്) പാറളം പഞ്ചായത്തിലെ വെങ്ങിനിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 10 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ജി) ഈ പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കൈപ്പീട്ട് ലഭിക്കാത്തതാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സം. കൈപ്പീട്ടിന് വേണ്ടി പല പ്രാവശ്യം ഗുണഭോക്തൃ സമിതിയേയും പാറളം പഞ്ചായത്തിനേയും സമീപിച്ചിരുന്നുവെങ്കിലും അവ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. അതിനാൽ വർക്ക് ടെണ്ടർ ചെയ്തുവെങ്കിലും എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട വാട്ടർ ടാങ്കിന്റെ നിർമ്മാണം

82 [1912] *ശ്രീ. എ. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട 12 ലക്ഷം ലിറ്റർ വെള്ളം സംഭരണ ശേഷിയുള്ള ഓച്ചിറയിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണത്തിനായി 2005 ജനുവരി 29-ന് ടെൻഡർ വിളിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ദീർഘകാലമായി മുടങ്ങിക്കിടന്ന ഈ പദ്ധതി 2004 ഡിസംബറിൽ കമ്മീഷൻ ചെയ്യുമെന്ന് സർക്കാർ നിയമസഭയിൽ രേഖാമൂലം നൽകിയ ഉറപ്പ് 2005 ജൂലൈ മാസമായിട്ടും പ്രാവർത്തികമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കാലതാമസത്തിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ടാങ്കിന്റെ നിർമ്മാണം എത്ര സമയത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള പദ്ധതികളുടെ ലിസ്റ്റിൽ ഓച്ചിറ കുടിവെള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഓച്ചിറ കുടിവെള്ള പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സമയബന്ധിതമായി സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട ജലസംഭരണിയുടെ ടെണ്ടറിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) എൽ. ഐ. സി. യുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരുന്നത്. എൽ. ഐ. സി. യിൽനിന്നും സഹായം ലഭിക്കാത്തതു കാരണം ഈ പദ്ധതിക്ക് കാലതാമസം നേരിട്ടു. ഇപ്പോൾ ഈ പദ്ധതി എ.ഡി.ബി. സഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ ടാങ്കിന്റെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) ഇല്ല.

(എഫ്) & (ജി) ഇല്ല. ഓച്ചിറ, കരുനാഗപ്പള്ളി, ആലപ്പാട്, ക്ലാപ്പന സമഗ്ര ശുദ്ധജല വിതരണ പദ്ധതി എ.ഡി.ബി. സഹായത്തോടുകൂടി രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി ഒരു സമയബന്ധിത നടപടി ആവിഷ്കരിച്ചിട്ടുണ്ട്.

ഓച്ചിറ കുടിവെള്ള പദ്ധതി

83 [1913] *ശ്രീ. എ. എൻ. രാജൻബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 38 കോടി രൂപയുടെ ഓച്ചിറ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി കരുനാഗപ്പള്ളി ആസ്ഥാനമാക്കി വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly